(ഡി) ഇക്കാര്യത്തിൽ കൃത്യമായ കണക്കുകൾ ലഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ട്. എങ്കിലും ഏകദേശ കണക്കനുസരിച്ച് ആദ്യഘട്ടത്തിൽ 267 എയ്ഡ്സ് രോഗികൾ ഉണ്ടായിരുന്നു. ഇപ്പോൾ സംസ്ഥാനത്തൊട്ടാകെ രണ്ടായിരത്തിമുന്ന് രോഗികളുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

പിന്നോക്ക വിഭാഗ വിദ്യാർത്ഥികളുടെ ഫീസ്

*20 [403] *ശ്രീ. എം. മുരളി:*
ഡോ. എം. എ. കുട്ടപ്പൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
,, കെ. വി. തോമസ്:

ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കവിഭാഗ വിദ്യാർത്ഥികൾ അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവർ നൽകേണ്ട ഫീസ് അതതു മാസം നൽകാറുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതുമൂലം ഈ വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾ ബുദ്ധിമുട്ട് അനുഭവിക്കേണ്ടതായിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകേണ്ട ഫീസ് തുക നൽകുന്നതിന് താമസംവരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ വിഭാഗത്തിൽ പഠിക്കുന്ന കുട്ടികളുടെ ഫീസ് ഓരോ വർഷവും ആരംഭിച്ച് ഒരു മാസത്തിനുള്ളിൽ ആ വർഷത്തെ ഫീസ് ഒന്നിച്ചുനൽകുവാൻ നടപടി എടുക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ):*

(എ) ഫീസ് അതതു മാസം നൽകാറില്ല.

(ബി) ഉണ്ട്.

(സി) ഓരോ ടേമിലേയും ഫീസ് മുൻകൂറായി നൽകാനാണ് നിലവിലുള്ള വ്യവസ്ഥ. ഒരു വർഷത്തെ മുഴുവൻ തുകയും ആദ്യ മാസത്തിൽത്തന്നെ മുൻകൂറായി നൽകിയാൽ ഇടയ്ക്കുവച്ച് പഠിത്തം നിർത്തുകയോ സ്ഥാപനം മാറിപ്പോവുകയോ ചെയ്യുന്ന കുട്ടികളുടെ കാര്യത്തിൽ ബുദ്ധിമുട്ടുണ്ടാക്കും. ആയതിനാൽ കോഴ്സ് ഫീ ഒരുമിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യയന വർഷത്തിന്റെ അവസാന ടേമിൽ നൽകുകയാണ് പതിവ്. എന്നാൽ ഫണ്ടിന്റെ അഭാവംമൂലം ചിലപ്പോൾ തുക അനുവദിച്ചുനൽകുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഇത്തരം സന്ദർഭങ്ങളിലാണ് കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നത്.

(ഡി) കോഴ്സ് ഫീ ഒരു മാസത്തിനുള്ളിൽ ഒന്നിച്ചു നൽകുന്നതിന് ഇപ്പോൾ വ്യവസ്ഥയില്ല. ആനുകൂല്യത്തിനുള്ള അപേക്ഷ ലഭിച്ചശേഷം അർഹത പരിശോധിച്ച് അനുവാദം നൽകിയതിനുശേഷം മാത്രമേ ഫീസ് തുക അനുവദിച്ചു നൽകാൻ കഴിയുകയുള്ളൂ.

ജൈവക്കലവറകളുടെ സംരക്ഷണം

*21 [404] *ശ്രീ. ടി. വി. ചന്ദ്രമോഹൻ:*

,, *കെ. ബാബു:*

,, *കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുനെസ്കോയുടെ അംഗീകാരം നേടിയ എത്ര ജൈവ കലവറകളെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(ബി) ഇത്തരം സ്ഥലങ്ങളിൽ മനുഷ്യന്റെ സാമീപ്യംമൂലം അവിടത്തെ പരിസ്ഥിതിക്ക് എന്തെങ്കിലും കോട്ടംതട്ടാനിടയുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം സ്ഥലങ്ങളിൽ മനുഷ്യസാമീപ്യം ഉണ്ടാക്കാതിരിക്കാൻ എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) സംസ്ഥാനത്ത് യുനെസ്കോ അംഗീകരിച്ച ജൈവസംരക്ഷണ മേഖലയാണ് നീലഗിരി ബയോസ്ഫിയർ റിസർവ്. ഈ ജൈവസംരക്ഷണ മേഖലയിലെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിന് വനംവകുപ്പ് നടപടികൾ എടുത്തിട്ടുണ്ട്. ഇവിടെ പ്രവേശിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി ആവശ്യമാണ്. ഈ മേഖലയ്ക്കകത്തുനിന്ന് ഒരു സാധനവും വനംവകുപ്പിന്റെ അനുമതിയില്ലാതെ പുറത്തേക്ക് കൊണ്ടുപോകാൻ പാടില്ല.

(ബി) ഉണ്ട്.

(സി) വനംവകുപ്പ് പുറത്തുനിന്നുള്ള മനുഷ്യസാമീപ്യം നിയന്ത്രിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

GPM. 2/612/2012—7

LIBRARY ARCHIVES Kerala Legislative Assembly